1997-98, 1998-99 വർഷത്തിൽ 45,75,663/- രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവാക്കിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശംഖിലി പ്രദേശത്ത് 9 വർഷം മുമ്പ് തൈകൾ വച്ചുപിടിപ്പിച്ചിട്ടില്ല. എന്നാൽ 4 വർഷം മുമ്പ് 1996-ൽ ശംഖിലിക്ക് സമീപം 587.72 ഹെക്ടർ സ്ഥലത്ത് കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ സ്കീമിൽപ്പെടുത്തി ക്ഷയോൻമുഖമായ വന പ്രദേശങ്ങൾ പുനരുദ്ധരിപ്പിച്ചിട്ടുണ്ട്.

(ഇ) കമ്പകം, തേമ്പാവ്, വെങ്കോട്, പൂവം, നെല്ലി, താന്നി, മരുതി തുടങ്ങിയ വനപ്രദേശത്ത് സ്വാഭാവികമായി കണ്ടുവരുന്ന ഇനം തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി 1996-97 വർഷത്തിൽ 30,64,326/- രൂപ ചെലവായിട്ടുണ്ട്. ഇങ്ങനെ വച്ചുപിടിപ്പിച്ചിട്ടുള്ള തൈകൾ 80 ശതമാനം മുതൽ 85 ശതമാനം വരെ ഇപ്പോൾ വളർന്നു നിൽക്കുന്നുണ്ട്. കൂടാതെ ഈ പ്രവൃത്തിമൂലം സ്വാഭാവിക പുനരുജ്ജീവനം വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. പരിശോധിച്ചുവരുന്നു.

48 (2618) സർക്കാർ ഏറ്റെടുത്ത സ്വകാര്യവനം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഏറ്റെടുത്ത സ്വകാര്യവനം കോടതിവിധിയിലൂടെ സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) വയനാട് ജില്ലയിൽ എത്ര ഏക്കർ വനഭൂമി ഇപ്രകാരം സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) യഥാസമയം വസ്തുതകളും രേഖകളും കോടതിയെ ബോധ്യപ്പെടുത്തി ഭൂമി നഷ്ടപ്പെടാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാരുടെമേൽ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ ഇപ്രകാരം 645.660 ഏക്കർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(സി) 17 കേസ്സുകളിലായി നോർത്ത് വയനാട് ഡിവിഷനിൽ 523.370 ഏക്കർ സ്ഥലവും 7 കേസ്സുകളിലായി സൗത്ത് വയനാട് ഡിവിഷനിൽ 122.290 ഏക്കർ സ്ഥലവുമാണ് ഇപ്രകാരം വിട്ടുകൊടുക്കേണ്ടിവന്നിട്ടുള്ളത്.

(ഡി) ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുള്ള കേസ്സുകളിലെല്ലാം അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly